ക്ലാസ് I ചെറുകിട പദ്ധതികളെപ്പറ്റിയും, ക്ലാസ് II ലിഫ്റ്റ് ഇറിഗേഷൻ എന്നീ പദ്ധതികളെപ്പറ്റിയും വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) വൻകിട പദ്ധതികൾ

കുറിയാർ കുട്ടിയുടെ അടങ്കൽ തുക 800 ലക്ഷം രൂപയാണ്.

ക്ലാസ് I ചെറുകിട പദ്ധതികൾ

40 ലക്ഷം രൂപ.

ലിഫ്റ്റ് ഇറിഗേഷൻ

29·2 ലക്ഷം രൂപ.

സംസ്ഥാനത്തെ വൻകിട ജലസേചന പദ്ധതികൾ

226 [277] ശ്രീ. എ. പി. കുര്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചനമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള വൻകിട ജലസേചന പദ്ധതികളോരോന്നും നിർമ്മാണപ്രവർത്തനം പൂർത്തിയായി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് കണക്കാക്കുന്നത് ;

(ബി) ഇടമലയാർ പദ്ധതിയുടെ വലതുകനാൽ നിർമ്മാണത്തിനുള്ള അനുമതി ലഭിച്ചുകഴിഞ്ഞോ ;

(സി) എങ്കിൽ എന്നത്തേയ്ക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും ?

ഉത്തരം

(എ) ഇപ്പോൾ പണിനടന്നുകൊണ്ടിരിക്കുന്ന കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള ഏഴു പ്രധാന ജലസേചനപദ്ധതികളിൽ പമ്പ, പെരിയാർവാലി, ചിറ്റൂർപുഴ, കുറിയാടി, എന്നീ നാലു പദ്ധതികൾ ഈ പഞ്ചവൽസര പദ്ധതിക്കാലത്തും കല്ലട, കാഞ്ഞിരപ്പുഴ, പഴശ്ശി എന്നീ പദ്ധതികൾ ആറാം പഞ്ചവൽസര പദ്ധതിക്കാലത്തും പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

(ബി) ഇല്ല. കേന്ദ്രത്തിന്റെ നിർദ്ദേശമനുസരിച്ച് ഈ പദ്ധതിയുടെ പ്രൊജക്ട് റിപ്പോർട്ട് പുതുക്കിക്കൊണ്ടിരിക്കുകയാണ്.

(സി) കേന്ദ്രാനുമതി ലഭിച്ചതിനുശേഷം ഇതിന്റെ പണി ആരംഭിക്കുന്നതാണ്.

ആനകളെ ലേലംചെയ്ത വകയിൽ കിട്ടിയ ആദായം

227 [278] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചനമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് വനങ്ങളിൽനിന്ന് ഈ വർഷം എത്ര ആനകളെ പിടിച്ചിട്ടുണ്ട് ;

(ബി) ലേലം ചെയ്തുകൊടുത്ത വകയിൽ എന്തു തുക കിട്ടി ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 24 ആനകളെ പിടിച്ചിട്ടുണ്ട്.

(ബി) ഈ വർഷം 20 ആനകളെ ലേലം ചെയ്തുകൊടുത്ത വകയിൽ മൊത്തം 3,52,900 രൂപ സർക്കാരിലേക്ക് കിട്ടിയിട്ടുണ്ട്.

കമ്മിഷൻ ചെയ്യാത്ത വൻകിട ജലസേചന പദ്ധതികൾ

228 [280] ശ്രീ. ജോൺ മാഞ്ഞൂരാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചനമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര വൻകിട ജലസേചന പദ്ധതികൾ കമ്മിഷൻ ചെയ്യാതെ കിടപ്പുണ്ടെന്നും, അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

(ബി) കേരളത്തിന്റെ കാർഷികപുരോഗതിക്ക് ഈ ജലസേചന പദ്ധതികളുടെ ക്ഷിപ്രമായ പൂർത്തീകരണം അത്യാവശ്യമായ ഒരു സംഗതിയാണെന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ടോ ;

(സി) എത്രയുംവേഗം ഈ ജലസേചനപദ്ധതികൾ കമ്മീഷൻ ചെയ്യാൻ ഒരു പരിപാടി ഗവൺമെന്റ് ആസൂത്രണംചെയ്തു നടപ്പിലാക്കുമോ?

ഉത്തരം

(എ) താഴെ പേരു പറയുന്ന പതിനൊന്നു വൻകിട—ഇടത്തരം പദ്ധതികൾ പൂർത്തിയാകാതെ കിടപ്പുണ്ട്.

1. പഴശ്ശി
2. കുറ്റ്യാടി
3. കാഞ്ഞിരപ്പുഴ
4. ചിറ്റൂർപുഴ
5. പെരിയാർവാലി
6. പമ്പ
7. കല്ലട
8. മൂവാറ്റുപുഴ
9. അട്ടപ്പാടി (ഇടത്തരം)
10. കാരാപ്പുഴ
11. ചിമേനി

ഇവയിൽ കുറ്റ്യാടി, ചിറ്റൂർപുഴ, പമ്പ, പെരിയാർവാലി എന്നിവ ഭാഗികമായി കമ്മിഷൻ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ പദ്ധതികളെല്ലാം കഴിയുന്നിടത്തോളം വേഗം പൂർത്തിയാക്കണമെന്ന ഉദ്ദേശത്തോടെയാണ് പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ കൊല്ലവും വകകൊള്ളിക്കാൻ കഴിയുന്ന തുക വളരെ പരിമിതമായതുകൊണ്ടാണ് പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസമുണ്ടാകുന്നത്.

ജലസേചന വകുപ്പിൽനിന്നും മൊത്തം ചെലവഴിച്ച തുക

229 [281] ശ്രീ. ദാമോദരൻ കാളാശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചനമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിൽ സംസ്ഥാന ജലസേചന വകുപ്പിൽനിന്നും മൊത്തം ചെലവഴിച്ച തുകയെത്ര ;

LIBRARY ARCHIVES Kerala Legislative Assembly